**ആഴത്തിൽ വായിക്കുന്തോറും ഖുർആൻ എന്നെ കൂടുതൽ കൂടുതൽ ആകർഷിച്ചു. യാതൊരു പക്ഷഭേദവും കൂടാതെ സത്യസന്ധമായാണ് വസ്തുതകൾ വിവരിച്ചിട്ടുള്ളതെന്ന് ബോധ്യമായി. തുറന്ന മനസ്സോടെ വായിക്കുന്ന ആർക്കും ഹൃദയാവർജകമായി തോന്നുന്നതാണ് അതിലെ പ്രതിപാദനരീതി**

# ഖുർആനും പൂർവവേദങ്ങളും

ഇ.സി. സൈമൺ മാസ്റ്റർ

ബൈബിൾപഠനംകൊണ്ട് ഞാൻ ക്രിസ്തുമതം ഉപേക്ഷിക്കാനും ഖുർആൻ പഠിച്ചതുവഴി ഇസ്‌ലാം സ്വീകരിക്കാനും ഇടയായി എന്നുള്ളത് ഒരു വസ്തുതയാണ്. ഖുർആൻ പഠിച്ചതോടുകൂടി അവ തമ്മിൽ ഒരു താരതമ്യപഠനം ആവശ്യമാണെന്ന് തോന്നുകയും തുടർന്ന് നടത്തിയ പരീക്ഷണങ്ങളിൽ പൂർണമായും ശരിയായിട്ടുള്ളത് ഖുർആന്റെ പ്രസ്താവനകളാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. കൂടാതെ ബൈബിൾ പഠിപ്പിക്കുന്ന അടിസ്ഥാനപ്രമാണങ്ങൾക്കു യോജിക്കാത്തതാണ് ആധുനിക ക്രൈസ്തവസിദ്ധാന്തങ്ങളിൽ ഒട്ടുമിക്കതും എന്ന തിരിച്ചറിവും എന്നെ ക്രൈസ്തവതയോട് വിടപറയാൻ നിർബന്ധിതനാക്കി.

യേശുവിനെയും മറിയത്തെയും പറ്റി ഏറ്റവും നിഷ്പക്ഷമായ വാക്യങ്ങളാണ് ഖുർആനിൽ എവിടെയും കണ്ടത്. മാത്രമല്ല, ആ രണ്ടു പുണ്യാത്മാക്കളെയും ബൈബിളിനേക്കാൾ മഹത്വപ്പെടുത്തിയിരിക്കുന്നത് വിശുദ്ധഖുർആനിലാണെന്നും ഞാൻ കണ്ടു.

ഖുർആനിൽ പേരെടുത്തു പറയുന്ന ഒരേയൊരു സ്ത്രീ യേശുവിന്റെ അമ്മയായ മർയം ആണെന്നുള്ളതും മർയം എന്ന പേരിൽ ഒരധ്യായംതന്നെ അതിൽ ഉണ്ടെന്നുള്ളതും ആ മഹദ്ഗ്രന്ഥത്തിന്റെ നിഷ്പക്ഷതയും വിശ്വാസ്യതയും ഉയർത്തിക്കാണിക്കുന്നു.

ഖുർആൻപഠനം ആദ്യമായി ഉണ്ടാക്കിയ സ്വാധീനം എന്റെ പ്രാർഥനകളിലായിരുന്നു. പ്രാർഥനയ്ക്ക് അർഹനായി ദൈവം മാത്രമേ ഉള്ളൂവെന്നും ദൈവത്തോടല്ലാതെ മറ്റാരോടും പ്രാർഥിക്കാവതല്ലെന്നുമുള്ള തിരിച്ചറിവ് എന്റെ പ്രാർഥനാരീതികളെ മാറ്റിമറിച്ചു. മുമ്പ് കേൾക്കാത്ത, അറിയാത്ത പുതിയ അർഥവും മാനവും നൽകുന്ന ആശയസമ്പുഷ്ടമായ പ്രാർഥനകൾ ഖുർആനിൽ കണ്ടെത്തി. മതവ്യത്യാസമില്ലാതെ ആർക്കും ഉപയോഗിക്കാവുന്നതാണെന്ന ബോധ്യത്തിൽ അവയിൽ പലതും ഹൃദിസ്ഥമാക്കി. ദൈവം എന്ന പദത്തിന് അറബിഭാഷയിലുള്ള പേരാണ് അല്ലാഹു എന്ന് മനസ്സിൽ പതിഞ്ഞപ്പോൾ ആ പദത്തോട് അതുവരെ തോന്നിയ വിരക്തി ക്രമേണ മാഞ്ഞുപോയി.

ഇസ്‌ലാമിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ ഞാൻ സ്വായത്തമാക്കിയ പ്രാർഥനകളിൽ ചിലതാണ് ചുവടെ:

1. "പരമദയാനിധിയും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

സകലലോക രക്ഷിതാവായ അല്ലാഹുവിന് സ്തുതി.

പരമദയാനിധി, കരുണാവാരിധി, വിധിദിനത്തിന്റെ അധിപൻ. നിന്നെ മാത്രമേ ഞങ്ങൾ ആരാധിക്കൂ, നിന്നോടു മാത്രമേ തുണ യാചിക്കൂ.

നേർവഴി ഞങ്ങൾക്ക് നീ കാട്ടേണമേ! നിന്റെ അനുഗ്രഹത്തിന് പാത്രമായവരുടെ വഴി; കോപത്തിനിരയായവരുടെ വഴിയല്ല; വഴിപിഴച്ചവരുടെയുമല്ല" (1:1-7).

2. "നാഥാ, മറവി പറ്റിയതിനോ അബദ്ധം പിണഞ്ഞതിനോ ഞങ്ങളെ ശിക്ഷിക്കരുതേ! നീ ഞങ്ങളുടെ പൂർവികരിൽ ചുമത്തിയിട്ടുള്ള ഭാരം ഞങ്ങളിൽ ചുമത്തരുതേ! നാഥാ, ഞങ്ങൾക്ക് വഹിക്കാനാവാത്ത ഭാരമൊന്നും ഞങ്ങളിൽ ചുമത്തരുതേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണേ! ഞങ്ങളോട് കരുണ കാണിക്കണേ! ഞങ്ങളുടെ രക്ഷകനായ നീ, നിഷേധികൾക്കെതിരെ ഞങ്ങൾക്ക് വിജയം തരണേ!" (2:286).

3. "ഞങ്ങളുടെ നാഥാ, നേർവഴി കാട്ടിത്തന്ന ശേഷം നീ ഞങ്ങളുടെ മനസ്സിനെ വികലമാക്കരുതേ. നിന്റെ സമക്ഷത്തിൽനിന്ന് ഞങ്ങൾക്ക് നീ കാരുണ്യം ചൊരിയേണമേ, വാരിക്കോരി കൊടുക്കുന്നവനാണല്ലോ നീ.

ഞങ്ങളുടെ നാഥാ, പുലരുമെന്നുറപ്പുള്ള ഒരു നാളിൽ മനുഷ്യരെയഖിലം സമ്മേളിപ്പിക്കുന്നവനാണ് നീ. നിശ്ചയം, അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല" (3:8,9).

4. "അവൻ അല്ലാഹുവാകുന്നു. അവനല്ലാതെ ദൈവമില്ല. കാണുന്ന സത്യവും കാണാത്ത സത്യവും അറിയുന്നവൻ. പരമദയാനിധിയും കരുണാവാരിധിയുമായവൻ. അവനാണ് അല്ലാഹു. അവനല്ലാതെ ദൈവമില്ല. രാജാധിരാജൻ, മഹാപരിശുദ്ധൻ, സമാധാനം നൽകുന്നവൻ, അഭയം തരുന്നവൻ, മേൽനോട്ടം വഹിക്കുന്നവൻ, അജയ്യൻ, സർവാധിപൻ, മഹത്വമാർന്നവൻ. അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ!

അവനാണ് അല്ലാഹു. സ്രഷ്ടാവ്, പടച്ചവന്‍, രൂപം നല്‍കുന്നവന്‍. ഉത്കൃഷ്ടനാമങ്ങള്‍ അവന്റേതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവനെ പ്രകീര്‍ത്തിക്കുകയാണ്. പ്രതാപവാനും യുക്തിമാനുമാണല്ലോ അവന്‍" (59:22-24).

5. "പരമദയാനിധിയും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍. നീ പറയുക. അവന്‍, അല്ലാഹു ഏകന്‍. അല്ലാഹു ആരുടെയും ആശ്രയം വേണ്ടാത്തവന്‍. എല്ലാവരാലും ആശ്രയിക്കപ്പെടുന്നവന്‍. അവന്‍ പിതാവല്ല. പുത്രനുമല്ല. അവനു തുല്യനായി ആരുമില്ല" (112:1-4).

## വൈദികമതങ്ങളോടുള്ള ആഹ്വാനം

ഇസ്രയേല്‍ക്കാരെയും വേദക്കാരായ ക്രൈസ്തവരെയും മതസംബന്ധമായ അവരുടെ ഇന്നത്തെ അപചയങ്ങള്‍ ചൂണ്ടിക്കാട്ടി ദൈവത്തിന്റെ നേര്‍മാര്‍ഗത്തിലേക്ക് ക്ഷണിക്കുന്ന ഖുര്‍ആന്‍ഭാഗങ്ങള്‍ എന്നെ ആഴത്തില്‍ സ്പര്‍ശിച്ചു. അതിലൊന്നാണ് താഴെ കൊടുക്കുന്നത്.

"വേദക്കാരേ, വേദത്തില്‍നിന്ന് നിങ്ങള്‍ മറച്ചുവച്ചുകൊണ്ടിരിക്കുന്ന ഏറെ കാര്യങ്ങള്‍ നിങ്ങള്‍ക്ക് വെളിപ്പെടുത്തിക്കൊണ്ടും വളരെ കാര്യങ്ങള്‍ വിട്ടുതന്നുകൊണ്ടും നമ്മുടെ ദൂതന്‍ നിങ്ങളുടെ അടുക്കല്‍ വന്നിരിക്കുന്നു. അല്ലാഹുവില്‍നിന്ന് നിങ്ങള്‍ക്ക് ഒരു വെളിച്ചവും വ്യക്തമായ വേദവും വന്നിരിക്കുന്നു.

അതുവഴി തന്റെ പ്രീതി നേടിയവര്‍ക്ക് അല്ലാഹു സമാധാനസരണി കാണിച്ചുകൊടുക്കുന്നു; തന്റെ ഇംഗിതത്താല്‍ അവരെ ഇരുട്ടില്‍നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരികയും അവര്‍ക്ക് നേര്‍വഴി കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

അല്ലാഹു തന്നെയാണ് മര്‍യമിന്റെ മകന്‍ മസീഹ് എന്നു പറഞ്ഞവര്‍ സത്യനിഷേധികളായിത്തീര്‍ന്നിരിക്കുന്നു. പറയുക: 'മര്‍യമിന്റെ മകന്‍ മസീഹിനെയും മര്‍യമിനെയും ഭൂമിയിലുള്ള സകലരെയും അല്ലാഹു നശിപ്പിക്കാനുദ്ദേശിക്കുന്ന പക്ഷം, അല്ലാഹുവിനെതിരില്‍ ആര്‍ക്ക് എന്തു ചെയ്യാന്‍ കഴിയും? ഭൂമിയുടെയും ആകാശങ്ങളുടെയും അവ രണ്ടിനുമിടയിലുള്ളവയുടെയും ആധിപത്യം അല്ലാഹുവിനു മാത്രമാകുന്നു. താന്‍ ഉദ്ദേശിക്കുന്നത് അവന്‍ സൃഷ്ടിക്കുന്നു. അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാകുന്നു'.

യഹൂദരും ക്രിസ്ത്യാനികളും പറഞ്ഞു: "ഞങ്ങള്‍ അല്ലാഹുവിന്റെ പുത്രന്മാരും മിത്രങ്ങളുമാകുന്നു". ചോദിക്കുക: 'പിന്നെ എന്തിനാണ് നിങ്ങളുടെ കുറ്റങ്ങളുടെ പേരില്‍ അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നത്? അങ്ങനെയല്ല, നിങ്ങള്‍ അവന്റെ സൃഷ്ടിയില്‍പെട്ട മനുഷ്യര്‍ മാത്രമാണ്. താനുദ്ദേശിക്കുന്നവര്‍ക്ക് അവന്‍ പൊറുത്തു കൊടുക്കുന്നു. താനുദ്ദേശിക്കുന്നവരെ അവന്‍ ശിക്ഷിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളവയുടെയും ആധിപത്യം അല്ലാഹുവിനാകുന്നു. അവനിലേക്കുതന്നെയാണ് എല്ലാറ്റിന്റെയും മടക്കം".

"വേദക്കാരേ, പ്രവാചകന്മാരുടെ ആഗമനം നിലച്ചുപോയ ഒരു ഇടവേളയ്ക്കുശേഷം, നിങ്ങള്‍ക്കു കാര്യങ്ങള്‍ വിവരിച്ചുതന്നുകൊണ്ട് നമ്മുടെ ദൂതന്‍ ഇതാ നിങ്ങളിലെത്തിയിരിക്കുന്നു. 'ഞങ്ങളുടെയടുക്കല്‍ ഒരു സുവിശേഷകനോ താക്കീതുകാരനോ വന്നിരുന്നില്ല' എന്നു നിങ്ങള്‍ പറയാതിരിക്കണമല്ലോ. അതിനാല്‍ നിങ്ങള്‍ക്ക് സുവിശേഷകനും താക്കീതുകാരനും വന്നുകഴിഞ്ഞിരിക്കുന്നു. അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാകുന്നു" (5:15-19).

## മനുഷ്യരെ സംബോധന ചെയ്യുന്ന വേദം

ഭൂമിയില്‍ പരന്നു വ്യാപിച്ചിരിക്കുന്ന മനുഷ്യരെ ഒന്നടങ്കമായി, ആദമിന്റെ മക്കളേ, മനുഷ്യവര്‍ഗമേ, ജനങ്ങളേ എന്നെല്ലാമാണ് ഖുര്‍ആനില്‍ കാണുന്ന അഭിസംബോധനാരീതികള്‍.

"നിങ്ങളെ ഞാനാണ് ഒരാണില്‍നിന്നും പെണ്ണില്‍നിന്നും സൃഷ്ടിച്ചത്. നിങ്ങള്‍ക്ക് ജീവന്‍തന്നതും വളര്‍ത്തി വലുതാക്കിയതും ഒരുനാള്‍ ജീവനെടുക്കുന്നതും ഞാനാണ്. അന്ന് നിങ്ങളെല്ലാം തിരിച്ചെത്തുന്നതും എന്നിലേക്കുതന്നെ. നിങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ക്കൊത്ത പ്രതിഫലം അന്നു ഞാന്‍ തരുന്നതാണ്". തുടങ്ങിയ ഖുര്‍ആന്‍വചനങ്ങള്‍ സൃഷ്ടികര്‍ത്താവായ അല്ലാഹുവിന്റെ പൂര്‍ണമായ അധികാരസ്വരത്തിലുള്ളതാണെന്നതില്‍ സംശയിക്കാനില്ല. മനുഷ്യരെ വ്യത്യസ്ത നിറക്കാരായും ഭാഷക്കാരായും സൃഷ്ടിച്ചത് പരസ്പരം തിരിച്ചറിയുന്നതിനുവേണ്ടി മാത്രമാണെന്നും പോരടിക്കാനല്ലെന്നും ഖുര്‍ആന്‍ അടിവരയിട്ടു പറയുന്നു.

## അമാനുഷികഗ്രന്ഥം

ആഴത്തില്‍ വായിക്കുന്തോറും ഖുര്‍ആന്‍ എന്നെ കൂടുതല്‍ കൂടുതല്‍ ആകര്‍ഷിച്ചു. യാതൊരു പക്ഷഭേദവും കൂടാതെ സത്യസന്ധമായാണ് വസ്തുതകള്‍ വിവരിച്ചിട്ടുള്ളതെന്ന് ബോധ്യമായി. തുറന്ന മനസ്സോടെ വായിക്കുന്ന ആര്‍ക്കും ഹൃദയാവര്‍ജകമായി തോന്നുന്നതാണ് അതിലെ പ്രതിപാദനരീതി.

ഖുര്‍ആന്‍ മനുഷ്യനിര്‍മിതമല്ലെന്നും ദൈവികമാണെന്നുമുള്ള അവകാശവാദം ശരിതന്നെയോ എന്ന് ഉറപ്പുവരുത്തുന്നതിന് ആവുംവിധമുള്ള പരിശോധനകളും വിലയിരുത്തലുകളും ഞാന്‍ നടത്തിയിട്ടുണ്ട്. എല്ലാ അധ്യായങ്ങളുടെയും ആരംഭം പരമകാരുണികനും പരമദയാനിധിയുമായ ദൈവത്തിന്റെ നാമത്തിലാണെന്നുള്ളത്, മറ്റു ഗ്രന്ഥങ്ങളിലൊന്നും കാണാത്ത എടുത്തു പറയാവുന്ന ഒരു പ്രത്യേകതയാണ്.

ദൈവം വെളിപ്പെടുത്തിക്കൊടുത്തതല്ലാതെ നബിയുടെ സ്വന്തമായി യാതൊന്നും കൂട്ടിച്ചേര്‍ക്കുകയോ ഏതെങ്കിലും ഭാഗം വിട്ടുകളയുകയോ അരുതെന്ന് ശക്തമായി വിലക്കുന്ന ഭാഗങ്ങളും ഖുര്‍ആനില്‍ കാണാം. അങ്ങനെ എന്തെങ്കിലും മാറ്റത്തിരുത്തലുകള്‍ വരുത്തിയാല്‍ പ്രവാചകനെ കഠിനമായ ശിക്ഷകള്‍ക്ക് വിധേയനാക്കുമെന്ന ദൈവത്തിന്റെ ഉഗ്രമായ താക്കീതും ആ ഗ്രന്ഥത്തില്‍ വായിക്കാന്‍ കഴിയും. അതിനു പുറമെ യാതൊരുവിധ കൈകടത്തലുകള്‍ക്കും വിധേയമാക്കാതെ ഈ മഹദ്ഗ്രന്ഥത്തെ ദൈവം എന്നും അഭംഗുരം സംരക്ഷിക്കുമെന്ന വാഗ്ദാനം അതിന്റെ ദൈവികത തെളിയിക്കുന്നതിന് ഉത്തമോദാഹരണമാണ്. 1400 വര്‍ഷത്തിലധികമായിട്ടും ഇന്നുവരെ ഒരു തരത്തിലുള്ള മാറ്റത്തിരുത്തലുകളും കടന്നുകൂടാതെ ആരംഭകാലത്തെ തനിമ അതേപടി നിലനില്‍ക്കുന്നു എന്നുള്ളതും അതിന്റെ അമാനുഷികത സ്പഷ്ടമാക്കുന്നു.

## അടിസ്ഥാനരഹിതമായ ആരോപണങ്ങള്‍

നബിതിരുമേനി എഴുതിയതാണ് ഖുര്‍ആന്‍ എന്ന് വിമര്‍ശകര്‍ ആരോപിക്കാറുണ്ട്. എന്നാല്‍, പ്രവാചകന്‍ നിരക്ഷരനായിരുന്നു എന്നതിനുമുണ്ട് ധാരാളം തെളിവുകള്‍. നാട്ടുകാരായ അറബികള്‍ക്കും അക്കാര്യം ബോധ്യമായിരുന്നു. ഇത്ര മഹത്തായ ഗ്രന്ഥമെഴുതിയ ഒരാള്‍ തനിക്ക് എന്നേയ്ക്കും ലഭിക്കുമായിരുന്ന പ്രശസ്തി സ്വയം വേണ്ടെന്നുവച്ച് അതിന്റെ കര്‍തൃത്വം ദൈവത്തില്‍ ആരോപിക്കാന്‍ ന്യായമില്ല. ഗ്രന്ഥത്തിന്റെ ഉള്ളടക്കം മുഴുവന്‍ സത്യവും ധര്‍മവും ദൈവഭക്തിയുമായിരിക്കുക, എന്നിട്ട് ഗ്രന്ഥകാരന്‍ അതിന്റെ കര്‍തൃത്വത്തില്‍പോലും അസത്യം പറയുകയും അതു ദൈവത്തിന്റെ പേരില്‍ കള്ളമായി ആരോപിക്കുകയും ചെയ്യുക! ഇതൊട്ടും യുക്തിസഹമല്ല. പ്രസിദ്ധിമോഹികള്‍ ചെയ്യുക അന്യര്‍ രചിച്ച കൃതികളെ സ്വന്തം പേരില്‍ അവകാശപ്പെടുകയാണ്.

ബൈബിളിലെ ചില പ്രസ്താവനകളുമായി ഖുര്‍ആനുള്ള ബന്ധം കണ്ട് അത് വിദേശികളായ ചില ക്രൈസ്തവവ്യാപാരികള്‍ പഠിപ്പിച്ചുകൊടുത്തതാണെന്നും ബൈബിളില്‍നിന്ന് പകര്‍ത്തിയതാണെന്നുമൊക്കെ ചിലര്‍ ആരോപിച്ചു. അറബി അറിയാത്ത വിദേശപണ്ഡിതന്മാര്‍ക്ക് അറബി മാത്രമറിയുന്ന പ്രവാചകനെ എങ്ങനെ പഠിപ്പിക്കാന്‍ കഴിയുമെന്ന ചോദ്യം എതിരാളികളെ ഉത്തരം മുട്ടിച്ചു. ബൈബിളിലെ

പ്രസ്താവനകൾ തിരുത്തുന്ന ധാരാളം പരാമർശങ്ങൾ ഖുർആനിൽ ഉണ്ടെന്നുള്ള വസ്തുത ബൈബിളിൽനിന്ന് പകർത്തി എന്ന ആരോപണത്തിന്റെ മുനയൊടിച്ചു.

## ഖുർആനും പൂർവവേദങ്ങളും

ആദം മുതലുള്ള എല്ലാ പ്രവാചകന്മാരെയും അവർവഴി ലഭിച്ചിട്ടുള്ള വേദഗ്രന്ഥങ്ങളെയും അംഗീകരിക്കുന്ന വേദമാണ് ഖുർആൻ. പ്രവാചകന്മാർ തമ്മിൽ യാതൊരു വിവേചനവും ഇസ്‌ലാമിലില്ല. കാലപ്പഴക്കംകൊണ്ടും അനുയായികളുടെ ശ്രദ്ധക്കുറവുകൊണ്ടും മുൻവേദഗ്രന്ഥങ്ങളിൽ കടന്നുകൂടിയിട്ടുള്ള വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതും തെറ്റുതിരുത്തി ശരിയായ വിശ്വാസം സ്വീകരിക്കാൻ ആഹ്വാനം ചെയ്യുന്നതും ഖുർആനിൽ പലഭാഗത്തും കാണാം. ആ ദൈവികഗ്രന്ഥത്തിന്റെ അമാനുഷികതയിൽ സംശയം തോന്നുന്നവരോട് അത്തരം ഒരധ്യായമെങ്കിലും അവർ നിർമിക്കട്ടെ എന്നായിരുന്നു ഖുർആന്റെ വെല്ലുവിളി. ഇന്നുവരെ ആർക്കും ആ വെല്ലുവിളി ഏറ്റെടുക്കാനായിട്ടില്ല.

നിലവിലുള്ള യഹൂദ-ക്രൈസ്തവമതഗ്രന്ഥങ്ങളിൽ കടന്നുകൂടിയ അബദ്ധങ്ങൾ മനസ്സിലാക്കാൻ ഖുർആൻ പ്രയോജനപ്പെടുന്നുണ്ട്. ഉദാഹരണമാണ് ബലിപുത്രന്റെ കഥ. പൂർവപിതാവായ അബ്രഹാം ദൈവപ്രീതിക്കുവേണ്ടി ബലിയർപ്പിക്കാൻ കൊണ്ടുപോയത് അദ്ദേഹത്തിന്റെ ഏക പുത്രനായ ഇസ്ഹാഖിനെയാണെന്നാണ് ബൈബിൾ പറയുന്നത്. ഖുർആൻവിവരണമനുസരിച്ച് ബലിപുത്രൻ ഇസ്മാഈലാണെന്ന കാര്യത്തിൽ മുസ്‌ലിംകൾക്കാവട്ടെ അശേഷവുമില്ല സംശയം. യഹൂദരും ക്രൈസ്തവരും ബൈബിൾ അനുസരിച്ച് ബലിപുത്രൻ ഇസ്ഹാഖ് ആണെന്നും ശഠിക്കുന്നു. എന്നാൽ, സംഗതിയുടെ സത്യാവസ്ഥ തിരിച്ചറിയുന്നതിന് ബൈബിൾതന്നെ ശ്രദ്ധാപൂർവം വായിച്ചാൽ മതിയാകും. ഇസ്ഹാഖിനേക്കാൾ 14 വയസ്സ് പ്രായക്കൂടുതലുള്ള ജ്യേഷ്ഠസഹോദരനായ ഇസ്മാഈലിനെപ്പറ്റി ബൈബിൾതന്നെ പ്രതിപാദിക്കുമ്പോൾ അനുജൻ ഏകപുത്രനാകുന്നതെങ്ങനെ എന്ന ചോദ്യം പ്രസക്തമാണ്. അതുകൊണ്ടുതന്നെ ഇസ്ഹാഖ് ജനിക്കുന്നതിനുമുമ്പുള്ള 14 കൊല്ലക്കാലം ഇസ്മാഈൽ ഏകപുത്രനായിരുന്നു എന്നും ആ 14 കൊല്ലങ്ങൾക്കിടയിലുള്ള ഏതോ ഒരു വർഷത്തിലായിരുന്നു ബലിസംഭവം നടന്നതെന്നും സംശയം കൂടാതെ മനസ്സിലാക്കാം.

> **ഖുർആൻ മനുഷ്യനിർമിതമല്ലെന്നും ദൈവികമാണെന്നുമുള്ള അവകാശവാദം ശരിതന്നെയോ എന്ന് ഉറപ്പുവരുത്തുന്നതിന് ആവുംവിധമുള്ള പരിശോധനകളും വിലയിരുത്തലുകളും ഞാൻ നടത്തിയിട്ടുണ്ട**

ബൈബിളിൽ ഇന്ന് കാണുന്ന പഴയ നിയമഗ്രന്ഥങ്ങൾ ഇസ്രയേൽക്കാരുടെ മതഗ്രന്ഥമായിരുന്ന യഥാർഥ തൗറാത്ത് (തോറ) അല്ലെന്നും അത് പിൽക്കാലത്ത് നിർമിക്കപ്പെട്ടതാണെന്നുമുള്ള ഖുർആൻപ്രസ്താവനയും ശരിയെന്ന് സ്ഥാപിക്കുന്ന തെളിവുകൾ ബൈബിളിൽതന്നെ കാണാം.

ബി.സി. 586-ൽ ബാബിലോണിയൻ ചക്രവർത്തി നെബുക്കദ്നസർ യഹൂദരെ തോൽപിച്ച് ജറൂസലം പട്ടണം തകർത്തും സുലൈമാൻനബി പണിയിച്ച പ്രസിദ്ധമായ ദേവാലയം നശിപ്പിച്ചും യഹൂദരെ അടിമകളാക്കി കൂട്ടത്തോടെ ബാബിലോണിലേക്ക് കൊണ്ടുപോയി. യഹൂദചരിത്രത്തിലെ ഏറ്റവും അപമാനകരമായ ആ പ്രവാസകാലത്ത് വിലപ്പെട്ടതെല്ലാം നഷ്ടപ്പെട്ട കൂട്ടത്തിൽ യഥാർഥ തൗറാത്തും നഷ്ടമായി. മതസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവുമില്ലാതെ കൊല്ലങ്ങളോളം കഴിഞ്ഞ ശേഷം പേർഷ്യൻചക്രവർത്തിമാരായ സൈറസിന്റെയും അർത്താക് സർക്സസിന്റെയും ഭരണകാലത്താണ് അവർക്ക് മോചനം ലഭിച്ചത്. അവരുടെ സഹായത്താൽ പള്ളി പുനർനിർമിക്കുന്നതിനും യഹൂദർക്കു കഴിഞ്ഞു. അക്കാലത്ത് ജീവിച്ചിരുന്ന യഹൂദപണ്ഡിതനും പുരോഹിതനുമായിരുന്ന എസ്റ എന്ന എഴുത്തുകാരൻ മറ്റു പണ്ഡിതന്മാരുടെയും പുരോഹിതന്മാരുടെയും സഹായത്തോടെ നഷ്ടപ്പെട്ട തൗറാത്തിനു പകരം പുതിയൊരെണ്ണം ഹീബ്രു ഭാഷയിൽ എഴുതിയുണ്ടാക്കി.

ഈ പുതിയ ഗ്രന്ഥം വായിച്ചുകേട്ട് അംഗീകരിക്കുന്നതിനുവേണ്ടി മുഴുവൻ ഇസ്രയേൽക്കാരെയും ജറൂസലമിൽ വിളിച്ചുകൂട്ടി. ഏറ്റവും ഭക്തിനിർഭരമായ പ്രാർഥനകളോടെയാണ് ചടങ്ങ് ആരംഭിച്ചത്. ഉയർന്ന ഒരു സ്റ്റേജിൽ കയറിനിന്ന് ഉദയം മുതൽ ഉച്ച സമയം വരെ എസ്റ ഗ്രന്ഥം വായിച്ചു. ബാബിലോണിലെ അടിമത്തകാലത്ത് അവർ ഉപയോഗിച്ചിരുന്നത് 'അരമായ' ഭാഷയായിരുന്നതിനാൽ ഇപ്പോഴവർക്ക് ഹീബ്രുഭാഷപോലും മനസ്സിലാക്കാൻ കഴിവില്ലാതായതുകൊണ്ട് വായനയോടൊപ്പം അതിന്റെ പരിഭാഷയും കേൾപ്പിച്ചിരുന്നു. സംഗതിയുടെ പ്രാധാന്യവും ഗൗരവവും നല്ലപോലെ മനസ്സിലാക്കിയാണ് പാവനമായ ഒരു ചടങ്ങെന്ന നിലയിൽ ഇസ്രയേൽജനത അതിൽ പങ്കെടുത്തതും അവസാനം അതിൽ ഒപ്പുവച്ചതും. ഗവർണർ നഹേമിയായുടേതായിരുന്നു ആദ്യത്തെ മുദ്ര. പിന്നീട് പുരോഹിത ഗണങ്ങൾ, മതകാര്യങ്ങൾ നോക്കാൻ ചുമതലപ്പെട്ടവർ, ജനനേതാക്കൾ എന്നിവരും ഒപ്പുവച്ചു. അതോടെ ഗ്രന്ഥത്തിന് അംഗീകാരമായി. മൂസാനബി വഴി ദൈവത്തിൽനിന്ന് കിട്ടിയ ആദ്യ നിയമാവലിക്ക് പകരംവയ്ക്കുന്നതെങ്കിലും പഴയതുതന്നെ എന്ന നിലയിൽ ഉപയോഗിക്കുന്നതിനുള്ള നിയമസംഹിതയായി അന്നുമുതൽ അതു സ്ഥാനം പിടിച്ചു. ബൈബിളിലെ എസ്റ, നഹേമിയ എന്നീ ഗ്രന്ഥങ്ങളിൽ ഈ സംഭവം വിശദമായി വിവരിച്ചിരിക്കുന്നു.

നഷ്ടപ്പെട്ട തൗറാത്തിന്റെ ഭാഗങ്ങൾ പുനർനിർമിച്ചപ്പോൾ ഇസ്മാഈലിന്റെ വംശാവലിക്കാരായ അറബികൾക്ക് അവകാശപ്പെട്ട ഒരു മഹത്തായ പൈതൃകം യഹൂദരുടേതാക്കിമാറ്റാനുള്ള കുത്സിത ശ്രമം നടത്തിയതായി തെളിയുന്നുണ്ട്. ആദ്യഗ്രന്ഥത്തിലുണ്ടായിരുന്ന ഏകപുത്രൻ എന്ന പദത്തിനുശേഷം ഒരു കോമയിട്ട് ഇസ്ഹാഖ് എന്ന പദം മാത്രം എഴുതിച്ചേർത്തപ്പോൾ ചരിത്രത്തിലെ ഒരു വലിയ അട്ടിമറിക്ക് അത് കാരണമായി. അതോടെ ബലിസംഭവത്തിൽ അനർഹമായി കയറിപ്പറ്റിയ ഇസ്ഹാഖ് യഥാർഥ ബലിപുത്രനായി തെറ്റിദ്ധരിക്കപ്പെട്ടു. പിന്നീട് ഖുർആന്റെ അവതരണത്തോടെയാണ് ഏകപുത്രൻ ഇസ്ഹാഖ് അല്ലെന്നും ഇസ്മാഈൽ ആണെന്നും തിരിച്ചറിയാൻ കഴിഞ്ഞത്. എങ്കിലും ബൈബിളിൽ ഏകപുത്രൻ ഇസ്ഹാഖ് എന്ന അടിസ്ഥാനമില്ലാത്ത പ്രയോഗം നിലനിൽക്കുന്നതിനാൽ യഹൂദരും ക്രൈസ്തവരും അവരുടെ നിലപാട് മാറ്റാൻ ഇതുവരെ തയാറായിട്ടില്ല.

മുൻവേദഗ്രന്ഥങ്ങളിൽ കടന്നുകൂടിയ അബദ്ധങ്ങൾ തുറന്നുകാണിക്കുന്നതിനും യാഥാർഥ്യം വെളിവാക്കുന്നതിനും ഖുർആൻ സഹായകമാണെന്ന പ്രസ്താവം ബൈബിളിന്റെ കാര്യത്തിൽ ശരിയായിത്തീരുന്ന ഉദാഹരണങ്ങൾ വേറെയുമുണ്ട് നിരവധി.

## ക്രൂശിതൻ യേശുവല്ലെന്ന് ഖുർആൻ

നിലവിലുള്ള ക്രൈസ്തവവിശ്വാസത്തിനെതിരായി യേശുവിനെ കുരിശിൽ തറച്ചിട്ടില്ലെന്നും കൊന്നിട്ടില്ലെന്നും അദ്ദേഹത്തോടുള്ള രൂപസാദൃശ്യം കൊണ്ട് അവർക്ക് അങ്ങനെ തോന്നിയതാണെന്നും ഖുർആൻ ഉറപ്പിച്ചുപറയുന്നു. ക്രൈസ്തവർ ദൃഢമായി വിശ്വസിക്കുന്നതും സുവിശേഷങ്ങളിൽ വ്യക്തമായി വിവരിച്ചിട്ടുള്ളതുമായ കുരിശുമരണം പാടേ നിഷേധിക്കാനും അങ്ങനെയൊരു സംഭവം ഒരിക്കലും ഉണ്ടായി

ട്ടില്ലെന്ന് പ്രഖ്യാപിക്കാനും ഖുർആൻ തയാറായിട്ടുണ്ടെങ്കിൽ, തികച്ചും ശരിയായ വസ്തുത അതുതന്നെയാണെന്ന് പൂർണ ബോധ്യമുള്ളതുകൊണ്ടുതന്നെ ആകാനേ തരമുള്ളൂ. എല്ലാം അറിയുന്ന ഒരു ദൈവത്തിനു മാത്രമേ അത്രയും ഉറപ്പായും ആധികാരികമായും ഒരിക്കലും തിരുത്തപ്പെടുകയില്ലെന്ന് മുൻകൂട്ടി കണ്ടുകൊണ്ടും അങ്ങനെയൊരു പ്രഖ്യാപനം നടത്താൻ കഴിയൂ.

ഖുർആൻപ്രസ്താവന ശരിയെന്ന് സമർഥിക്കാൻ ബൈബിളിൽതന്നെയുണ്ട് തെളിവുകൾ ധാരാളം. കുരിശിൽ തറക്കുമ്പോൾ യേശു പറഞ്ഞു: “ദൈവമേ ഇവരോട് ക്ഷമിക്കണമേ. ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല” (ലൂക്കാ: 23:34). ന്യായാധിപന്റെ കൊട്ടാരവളപ്പിൽനിന്ന് കുരിശും വഹിച്ച് റോഡിലേക്ക് പ്രവേശിച്ച ഉടനെത്തന്നെ പട്ടാളക്കാർ യേശുവിന്റെ തോളിൽനിന്നും കുരിശെടുത്ത് ആ വഴിവന്ന ശീമോൻ എന്നൊരാളുടെ തോളിലേക്ക് നിർബന്ധമായി വച്ചുകൊടുക്കുന്നു. പിന്നീട് കുരിശുചുമന്നത് അയാളെന്നാണ് ബൈബിൾവിവരണം. ശിക്ഷാസ്ഥലത്തെത്തിയപ്പോൾ കുരിശ് തിരിച്ചുവാങ്ങിയതായി എവിടെയും രേഖപ്പെടുത്തിയിട്ടില്ല. അയാൾ എത്രതന്നെ എതിർത്താലും കുരിശു ചുമന്നവൻ കുറ്റവാളി എന്ന നിലയിൽ അവിടത്തെ പട്ടാളക്കാർ അയാളെ കുരിശിൽ തറച്ചിരിക്കും.

യേശു ദൈവമോ ദൈവപുത്രനോ അല്ലെന്നും ദൈവത്തിന്റെ സൃഷ്ടിയായ ഒരു പ്രവാചകൻ മാത്രമാണെന്നുമുള്ള ഖുർആൻപ്രസ്താവനകൾ വിശ്വാസയോഗ്യവും അതിശക്തവുമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ളതുമാണ്. എന്നിട്ടും അദ്ദേഹത്തെ ദൈവം, ദൈവം എന്നു വാഴ്ത്തുന്നവർക്ക് സത്യാന്വേഷണത്തിൽ താൽപര്യമുണ്ടെങ്കിൽ അവർ വിശുദ്ധഖുർആൻ ഒരാവൃത്തിയെങ്കിലും ശ്രദ്ധാപൂർവം വായിച്ചുനോക്കുന്നത് പ്രയോജനകരമായിരിക്കും.

## സമഗ്രമായ ജീവിതവ്യവസ്ഥ

ഖുർആൻ പഠിപ്പിക്കുന്ന സമഗ്രമായ ജീവിതവ്യവസ്ഥയാണ് ഇസ്‌ലാം. ജീവിതത്തിന്റെ സർവ മേഖലകളെപ്പറ്റിയും വ്യക്തമായ കാഴ്ചപ്പാടോടെ അവയെല്ലാം സ്പർശിക്കുന്ന മാർഗനിർദേശകതത്ത്വങ്ങൾ എല്ലാ മനുഷ്യർക്കും എല്ലാ കാലത്തും ബാധകമായ തരത്തിൽ ഖുർആനിൽ വിവരിച്ചിരിക്കുന്നു. സ്നേഹവും സാഹോദര്യവും വളർത്തി പരസ്പരം സഹായിച്ച് സമാധാനത്തോടെ വർത്തിക്കണമെന്നാണ് ഖുർആന്റെ ഉപദേശം. തമ്മിൽ പോരടിക്കുന്നതിനല്ല, മനുഷ്യത്വം ഊട്ടിവളർത്തുന്നതിനാണ് ഖുർആന്റെ ആഹ്വാനം. നീതിക്കു വേണ്ടി നിലകൊള്ളുന്ന ഒരുത്തമമാതൃകയായിരുന്നു നബിതിരുമേനിയുടെ ജീവിതം. മർദിതരുടെയും ദുഃഖിതരുടെയും ആശ്വാസത്തിനും അടിമകളുടെ മോചനത്തിനും ഖുർആൻ പ്രാധാന്യം നൽകുന്നു. വിശക്കുന്നവർക്ക് ഭക്ഷണം നൽകുന്നത് വിലയേറിയ പുണ്യകർമമായി ഊന്നിപ്പറയുന്നു. ദരിദ്രരെയും അഗതികളെയും സഹായിക്കൽ നിർബന്ധബാധ്യതയായി ഇസ്‌ലാം നിഷ്കർഷിക്കുന്നുണ്ട്. കുടുംബബന്ധത്തിനും രക്തബന്ധത്തിനും ഇസ്‌ലാം കൊടുത്തിട്ടുള്ള പ്രാധാന്യവും മറക്കാവുന്നതല്ല.

## സമാധാനത്തിന്റെയും സമർപ്പണത്തിന്റെയും മതം

ഏറെ തെറ്റിദ്ധരിക്കപ്പെട്ട മതമാണ് ഇന്ന് ഇസ്‌ലാം. ഇസ്‌ലാം എന്ന പദത്തിന്റെ അർഥം പോലും വേണ്ടവിധം മനസ്സിലാക്കിയിട്ടുള്ളവരല്ല അധികപേരും. ദൈവത്തിനു പൂർണമായി കീഴ്പ്പെട്ടുജീവിക്കുക എന്നാണ് ആ പദത്തിന്റെ അർഥം. അങ്ങനെ ദൈവത്തിനു കീഴൊതുങ്ങി ജീവിക്കുന്നത് ആരോ അയാളാണ് മുസ്‌ലിം. ആ അർഥത്തിൽ നോക്കുമ്പോൾ പേരിന്റെ അടിസ്ഥാനത്തിലല്ല പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽവേണം ഒരാൾ മുസ്‌ലിമാണോ എന്നു നിശ്ചയിക്കാൻ. ഇസ്‌ലാം എന്ന പദത്തിന് സമാധാനം എന്നും അർഥമുണ്ട്.

അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ തകർക്കുകയോ അവരുടെ ദേവന്മാരെ ആക്ഷേപിക്കുകയോ അരുതെന്ന് കർശനമായി നിർദേശിക്കുന്ന മതമാണ് ഇസ്‌ലാം. മതസൗഹാർദവും മതസഹിഷ്ണുതയുമാണ് ഖുർആൻ പഠിപ്പിക്കുന്നത്. ചില മുസ്‌ലിംഭരണകർത്താക്കൾ ചെയ്ത അക്രമങ്ങളുടെ ദുഷ്പേരും പാപഭാരവും പേറേണ്ട ദുർഗതി ഇസ്‌ലാമിന്റെ ചുമലിൽ വന്നുപെട്ടു എന്നുള്ളതാണ് ഇന്നത്തെ ദുഃഖസത്യം. ചരിത്രത്തിലെ ഈ മുസ്‌ലിംഭരണാധികാരികളെക്കൊണ്ട് അന്നും ഇന്നും ഇസ്‌ലാമിന് കോട്ടമല്ലാതെ നേട്ടമൊന്നും ഉണ്ടായതായി അറിവില്ല. അതേസമയം ഇസ്‌ലാമികമൂല്യങ്ങൾ മനസ്സിലാക്കി അന്യമതങ്ങളോടും മതസ്ഥരോടും ബഹുമാനവും സഹിഷ്ണുതയും പുലർത്തിയ നീതിമാന്മാരും മതഭക്തരുമായ ഭരണാധികാരികളും ധാരാളം ഉണ്ടായിട്ടുണ്ട്. പക്ഷേ, അവരുടെ മഹത്വം വേണ്ടത്ര അറിയപ്പെടുകയോ അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നുള്ളതും ഒരു വസ്തുതയത്രെ.

> ആദം മുതലുള്ള എല്ലാ പ്രവാചകന്മാരെയും അവർവഴി ലഭിച്ചിട്ടുള്ള വേദഗ്രന്ഥങ്ങളെയും അംഗീകരിക്കുന്ന വേദമാണ് ഖുർആൻ. പ്രവാചകന്മാർ തമ്മിൽ യാതൊരു വിവേചനവും ഇസ്‌ലാമിലില്ല

## സമകാലീന പ്രതിസന്ധി

മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വിധം കടുത്ത പരീക്ഷണമാണ് ഇസ്‌ലാം ഇന്ന് ലോകമെമ്പാടും അഭിമുഖീകരിക്കുന്നത്. ലോകത്തിനു മുമ്പിൽ ഇസ്‌ലാമിനെ ഏറ്റവും തരംതാഴ്ത്തിയും പരിഹാസ്യമാക്കിയും പ്രദർശിപ്പിക്കുന്നതിനുള്ള സംഘടിതശ്രമങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. ഈ ദുഷ്പ്രചാരണത്തെ ഫലപ്രദമായി തടയുന്നതിനോ എതിർത്തു തോൽപിക്കുന്നതിനോ മുസ്‌ലിംകൾക്കാവുന്നില്ല. സ്നേഹവും സാഹോദര്യവുമാണ് ഖുർആൻ ഉയർത്തിപ്പിടിക്കുന്ന ഇസ്‌ലാമികമൂല്യങ്ങളിൽ അതിപ്രധാനമായവ. മനുഷ്യജീവന് അങ്ങേയറ്റം വിലമതിക്കണമെന്നാണ് ഖുർആന്റെ ആഹ്വാനം. നിരപരാധികളെ കൊലപ്പെടുത്തുന്നത് ഇസ്‌ലാം കർശനമായി വിലക്കിയിരിക്കുന്നു. സമാധാനത്തിന്റെ അപ്പോസ്തലന്മാരെന്ന് വാഴ്ത്തപ്പെടേണ്ട മുസ്‌ലിംകൾ ഇന്ന് ലോകത്തിന്റെ മുമ്പിൽ സമാധാനധ്വംസകരായ തീവ്രവാദികളായും ഭീകരരായുമാണ് ചിത്രീകരിക്കപ്പെടുന്നത്.

എന്തേ, ഇങ്ങനെ സംഭവിക്കാൻ? ലോകം സംഘടിതമായി, മുസ്‌ലിംവിരോധം അകാരണമായി കുത്തിപ്പൊക്കിയതാണോ? ആയിരത്തിനാനൂറു വർഷത്തിലധികം ഈ ഭൂമിയിൽ ജീവിച്ച് മഹത്തായ സംഭാവനകൾ നൽകിയ സാംസ്കാരികചരിത്രമുള്ള ഒരു സമുദായത്തിനെതിരെ ഇന്ന് അതിശക്തമായ അപശബ്ദങ്ങളുയരാൻ എന്തു കാരണം? വിശുദ്ധഖുർആനും തിരുനബിയും ചൂണ്ടിക്കാണിച്ച ആദർശമാർഗങ്ങളിൽനിന്ന് ഈ സമുദായം വല്ലാതെ അകന്നുപോകുന്നുണ്ടോ? അന്യരെ പഴിചാരി സ്വയം ന്യായീകരിച്ചതുകൊണ്ടായില്ല. തീർച്ചയായും സമഗ്രമായ ഒരാത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു.